# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

**2013 ഫെബ്രുവരി 12, ചൊവ്വാഴ്ച**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**(രാവിലെ 8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)**

**അടിയന്തര പ്രമേയം**

**കുടിവെള്ള ക്ഷാമം**

മി. സ്പീക്കർ: സംസ്ഥാനത്തെങ്ങും കുടിവെള്ളക്ഷാമം രൂക്ഷമായിരിക്കുന്ന സാഹചര്യത്തിൽ ജലഅതോറിറ്റിയെ നോക്കുകുത്തിയാക്കി സ്വകാര്യ മേഖലയിൽ കുടിവെള്ള കമ്പനി ആരംഭിക്കാൻ സർക്കാർ എടുത്തിരിക്കുന്ന തീരുമാനം ജനങ്ങളിലാകെ ആശങ്ക ഉണ്ടാക്കിയതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. വി. ചെന്താമരാക്ഷൻ, വി.എസ്. സുനിൽ കുമാർ, മാത്യൂ.ടി.തോമസ്, എ.എ. അസീസ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): സംസ്ഥാനത്ത് ഈ വർഷം കാലവർഷവും തുലാവർഷവും ഗണ്യമായി കുറയുകയും മൊത്തം 26 ശതമാനം മഴയുടെ കുറവുണ്ടാകുകയും ചെയ്തു. സംസ്ഥാനം വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിച്ചതോടൊപ്പം പ്രത്യേക മന്ത്രിസഭാ യോഗം കൂടി 92 കോടി രൂപയുടെ അടിയന്തര സഹായം എത്തിക്കാൻ തീരുമാനമെടുക്കുകയും ചെയ്തു. താൽക്കാലിക തടയണ നിർമ്മിക്കുവാൻ 24 കോടി രൂപയും പമ്പ് സെറ്റുകൾ റിപ്പയർ ചെയ്യുവാനും പുതിയത് വാങ്ങുവാനുമായി 27 കോടി രൂപയും കുഴൽ കിണറുകൾ നിർമ്മിക്കാൻ 13 കോടി രൂപയും താൽക്കാലിക ബണ്ട് നിർമ്മിക്കാനായി 22 കോടി രൂപയും അനുവദിച്ച് തുടർ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അതിനു പുറമേ റവന്യൂ ഡിപ്പാർട്ടുമെന്റിന് 85 കോടിരൂപയുടെ ധനസഹായവും ലഭ്യമാക്കിയിട്ടുണ്ട്. ഈ വർഷം 206 കോടി രൂപ നബാർഡും അനുവദിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റി നടത്തുന്ന പ്രവർത്തനങ്ങളെ സപ്ലിമെന്റ് ചെയ്യുന്ന തരത്തിൽ വലിയ വില ഈടാക്കിക്കൊണ്ട് കുടിവെള്ളം ബോട്ടിലുകളിൽ നൽകുന്നതു കുറച്ചുകൊണ്ട് സ്വകാര്യ കമ്പനികളുടെ പങ്കാളിത്തത്തോടെ കുറഞ്ഞ നിരക്കിൽ ജാറുകളിൽ കുടിവെള്ളം എത്തിക്കുന്നതിനെപ്പറ്റിയാണ് ആലോചിച്ചിട്ടുള്ളത്. വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതാണ്.

ശ്രീ. വി. ചെന്താമരാക്ഷൻ: സംസ്ഥാനത്തെ 14 ജില്ലകളേയും വരൾച്ച ബാധിത ജില്ലകളാക്കി പ്രഖ്യാപിച്ച് മന്ത്രിമാർക്ക് ജില്ലകളുടെ ചുമതല നൽകിയെങ്കിലും കാര്യക്ഷമമായ പ്രവർത്തനങ്ങളില്ലാത്തതുകൊണ്ട് സമീപ

കാലത്തൊന്നും നേരിട്ടിട്ടില്ലാത്തവിധം രൂക്ഷമായ വരൾച്ചയാണ് ഉണ്ടാകാൻ പോകുന്നത്. മഴയുടെ ലഭ്യതക്കുറവ് അനുസരിച്ച് പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ പ്രവർത്തിച്ചില്ല. നെൽവയലുകൾ വ്യാപകമായി നികത്തിയതുമൂലവും മഴകുറവുമൂലം ഡാമുകളിൽ ജലം ലഭ്യമാകാത്തതുകൊണ്ടും ജലസേചനത്തിന് വെള്ളം ലഭ്യമാകാതെ കൃഷി നാശവും കൂടിവെള്ള ക്ഷാമവും കേരളത്തിൽ രൂക്ഷമാകുകയാണ്. പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം സംസ്ഥാനത്തിന് അർഹമായ ജലം ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തിയതുകൊണ്ട് പാലക്കാട് ജില്ലയിൽ കുടിവെള്ളക്ഷാമവും നെൽകൃഷിനാശവും നേരിടുകയാണ്. തലസ്ഥാനജില്ലയും രൂക്ഷമായ കുടിവെള്ളക്ഷാമത്തിലേക്കു പോകുകയാണ്. പേപ്പാറ ഡാമിന്റെ സംഭരണശേഷി വർദ്ധിപ്പിക്കുമെന്ന് 100 ദിന കർമ്മപരിപാടിയിൽ പ്രഖ്യാപിച്ചെങ്കിലും ഇതുവരെ നടപ്പിലാക്കിയിട്ടില്ല. പൈപ്പുകൾ സ്ഥിരമായി പൊട്ടുന്നതുമൂലം ഉള്ള ജലം കൃത്യമായി വിതരണം ചെയ്യുന്നതിന് കഴിയുന്നില്ല. കുടിവെള്ളം ലഭ്യമാകാത്ത പ്രദേശങ്ങളിൽ ടാങ്കർ ലോറിയിൽ വെള്ളമെത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കണം. ഭൂഗർഭ ജലം ക്രമാതീതമായി കുറഞ്ഞത് സ്ഥിതിഗതികൾ രൂക്ഷമാക്കിയിട്ടുണ്ട്. കുടിവെള്ളത്തിൽ വിഷവസ്തുക്കളും രാസവസ്തുക്കളും ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കാൻ നടപടികൾ സ്വീകരിക്കണം. കേരള വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള പദ്ധതികളുടെ പോരായ്മകൾ പരിഹരിക്കുന്നതോടൊപ്പം സ്വകാര്യമേഖലയിൽ കമ്പനി തുടങ്ങാനുള്ള തീരുമാനത്തിൽ നിന്നും പിന്മാറുകയും വേണം. ഈ വിഷയം സഭാ നടപടികൾ നിറുത്തി വച്ച് ചർച്ച ചെയ്യണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സംസ്ഥാനത്തെ ജനങ്ങൾ അനുഭവിക്കുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഭരണ-പ്രതിപക്ഷാംഗങ്ങളുടെ കൂട്ടായ സഹകരണം ആവശ്യമാണ്. ഇതുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലേയും ജനപ്രതിനിധികളുമായി ചർച്ച നടത്തുകയും അടിയന്തര മന്ത്രിസഭാ യോഗം ചേർന്ന് തീരുമാനമെടുക്കുകയും ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. വെള്ളം പാഴായി പോകുന്നത് തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അരുവിക്കരയിലെ പൈപ്പ്ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിന് 50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ശാസ്താംകോട്ട കായലിലേയ്ക്ക് വെള്ളം റീചാർജ്ജ് ചെയ്യുന്നതിനായി കല്ലടയാറ്റിൽനിന്നും കനാൽ തീർക്കുന്ന നടപടി പൂർത്തീകരിച്ചുകഴിഞ്ഞു. ഓരോ പ്രദേശത്തെയും പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ട് രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് 5000 കോടി രൂപയുടെ പ്രോജക്ട് അർബൻ ഡെവലപ്മെന്റ് വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. സ്വകാര്യ കമ്പനികളുടെ പങ്കാളിത്തത്തോടുകൂടി കുറഞ്ഞ നിരക്കിൽ ജാറുകളിൽ കുടിവെള്ളമെത്തിക്കുന്നതിനുള്ള നടപടികൾ ഉടൻതന്നെ ആരംഭിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): വെസ്റ്റ് ബംഗാളിന്റെ മാതൃകയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന വാട്ടർ സപ്ലൈ സ്കീമിന്റെ ആദ്യത്തെ ഘട്ടമെന്നുള്ള നിലയിലാണ് കുടിവെള്ളം ജാറുകളിൽ വിതരണം ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തുന്നത്. ഈ സംവിധാനം വിജയകരമാണെങ്കിൽ രണ്ടാം

ഘട്ടമെന്ന നിലയിൽ വ്യവസായ മേഖലയിൽ സബ്സിഡിയില്ലാതെ ഈ സ്കീം നടപ്പിലാക്കുന്നതാണ്. പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിലെ വർക്കുകൾ വാട്ടർ അതോറിറ്റി ഏറ്റെടുക്കരുതെന്ന് ഗവൺമെന്റ് നിർദ്ദേശം നൽകിയെന്ന് പറയുന്നത് തികച്ചും അടിസ്ഥാനരഹിതമാണ്. വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങളെ ബാധിക്കാത്ത വിധത്തിലും സിയാൽ മോഡലിൽ ഗവൺമെന്റിന്റെ പൂർണ്ണ നിയന്ത്രണത്തിലുമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇത് വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള സോഴ്സ് ഓഫ് വാട്ടറിനെ ഒരുതരത്തിലും ബാധിക്കുകയില്ല. എല്ലാവർക്കും കുടിവെള്ളം പ്രാപ്യമാക്കുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനാവശ്യമായ പ്രായോഗിക നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവണ്മെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി.എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യൂ ടി തോമസ്, എ.എ. അസീസ്, തോമസ് ചാണ്ടി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു)

**ശ്രദ്ധ ക്ഷണിക്കൽ**

**(1) എ.പി.എൽ/ബി.പി.എൽ ലിസ്റ്റിലെ അപാകതകൾ**

ശ്രീ. കെ. ശിവദാസൻ നായർ: 2003-ൽ ഗ്രാമവികസന വകുപ്പിലെ ഫീൽഡുതല ഉദ്യോഗസ്ഥൻമാർ തയ്യാറാക്കിയ എ.പി.എൽ/ബി.പി.എൽ ലിസ്റ്റ് വാർഡ് തലത്തിൽ കൂടുന്ന ഗ്രാമസഭകൾ പരിശോധിച്ചതിന് ശേഷമാണ്

പ്രസിദ്ധീകരിച്ചതെങ്കിലും വ്യാപകമായ പരാതികളാണ് അതുസംബന്ധിച്ച് ഉണ്ടായത്. 2009-ൽ അദ്ധ്യാപകരെ നിയോഗിച്ച് എന്യൂമറേഷൻ നടത്തി ലിസ്റ്റ് തയ്യാറാക്കിയെങ്കിലും അതുസംബന്ധിച്ചും പരാതികൾ വന്നു. ഈ ലിസ്റ്റിലെ അപാകതകൾ പരിഹരിക്കാത്തതുമൂലം ബി.പി.എൽ ലിസ്റ്റിൽപ്പെട്ട വർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്നു മാത്രമല്ല അനർഹരായവർ ആനു കൂല്യങ്ങൾ വാങ്ങുകയും ചെയ്യുന്നു. ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി അപാകതകൾ പരിഹരിച്ച് എ.പി.എൽ/ബി.പി.എൽ ലിസ്റ്റ് പരിഷ്ക്കരിക്കുന്ന തിന് നടപടികൾ സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): എ.പി.എൽ/ബി.പി.എൽ ലിസ്റ്റ് സംബന്ധിച്ച പരാതികൾ പരിശോധിച്ച് തീരുമാനമെടുക്കുന്നതിന് വളരെ യധികം പ്രായോഗിക തടസ്സങ്ങളുണ്ട്. ഇതുവരെ ലഭിച്ച പരാതികളിൽ 40 ശതമാനത്തിലും വാർഡ് നമ്പരോ വീട്ടു നമ്പരോ ചേർത്തിട്ടില്ലാത്തതിനാലും പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടന്നപ്പോൾ വാർഡുകൾ പുന:സംഘടിപ്പി ച്ചതുമൂലം വാർഡ് നമ്പറുകളും ഹൗസ് നമ്പറുകളും മാറിയതിനാലും ലഭിച്ച പരാതികൾ മുഴുവനും പരിശോധിക്കാൻ സാധിച്ചിട്ടില്ല. 2010-ൽ പോപ്പു ലേഷൻ എന്യൂമറേഷനുവേണ്ടി രൂപീകരിച്ച എന്യൂമറേഷൻ ബ്ലോക്കുകളുടെ അടിസ്ഥാനത്തിലാണ് സോഷ്യൽ ഇക്കണോമിക് കാസ്റ്റ് സെൻസസ് (എസ്.ഇ.സി.സി) എന്യൂമറേഷൻ നടത്തിവരുന്നത്. എസ്.ഇ.സി.സി എന്യൂമ റേഷനിൽ ശേഖരിക്കുന്ന വിവരങ്ങൾ അനുദിനം എൻ.ഐ.സി സർവ്വറി ലേയ്ക്ക് അപ്‌ലോഡ് ചെയ്യപ്പെടുകയും അവസാന ഇ.ബി-യിലെ വിവരങ്ങൾ അപ്‌ലോഡ് ചെയ്യപ്പെട്ടുകഴിയുന്നതോടെ ബിപിഎൽ കരട് ലിസ്റ്റ് ലഭ്യമാകു

കയും ചെയ്യുന്നതാണ്. 99 ശതമാനം ഇ.ബി. കളുടെയും വിവരങ്ങൾ എൻ.ഐ.സി സർവ്വറിലേയ്ക്ക് അപ്‌ലോഡ് ചെയ്തിട്ടുണ്ട്. അപ്‌ലോഡ് ചെയ്യപ്പെട്ട ഡാറ്റയിൽ കണ്ടെത്തിയ ന്യൂനതകൾ പരിഹരിച്ച് സർവ്വറിലേയ്ക്ക് അപ്‌ലോഡ് ചെയ്ത ശേഷം 2013 മാർച്ച് 31 നകം കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ കഴിയുന്നതാണ്.

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻചാണ്ടി):</u> കേന്ദ്ര ഗവൺമെന്റ് ബി.പി.എൽ കാർഡുകളുടെ എണ്ണം നിജപ്പെടുത്തിയിട്ടുണ്ട്. പുതുതായി ബി.പി.എൽ കാർഡ് കൊടുക്കുന്നതിന് സാങ്കേതികമായ ബുദ്ധിമുട്ടുണ്ട്. കേന്ദ്രത്തിൽനിന്ന് ബി.പി.എൽ അരി കിട്ടുന്നത് അവരുടെ എണ്ണം അനുസരിച്ചാണെങ്കിൽപ്പോലും അർഹതയുള്ളവരെ ലിസ്റ്റിൽപ്പെടുത്തി അവർക്കുകൂടി അരി ആ വിലയ്ക്കു തന്നെ ലഭ്യമാക്കുന്ന സാഹചര്യം ഉണ്ടാക്കുന്നതാണ്. വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കും ആരോഗ്യ സംരക്ഷണത്തിനും ഇത് അനിവാര്യമായതിനാൽ സമയബന്ധിതമായി ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്നതാണ്.

### (2) <u>കർഷക തൊഴിലാളികൾ അഭിമുഖീകരിക്കുന്ന ബുദ്ധിമുട്ടുകൾ</u>

<u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u>: കർഷക തൊഴിലാളികളുടെ ക്ഷേമ ആനുകൂല്യങ്ങൾ നടപ്പാക്കി സാമൂഹ്യക്ഷേമം ഉറപ്പുവരുത്തുകയാണ് 1990-ൽ നിലവിൽ വന്ന ക്ഷേമനിധി ബോർഡിന്റെ ലക്ഷ്യം. തൊഴിലാളികളിൽനിന്ന് മാസംതോറും പിരിക്കുന്ന തുകയും തത്തുല്യമായി ഗവൺമെന്റ് നൽകുന്ന തുകയും നാൽപത് ആറിൽ കൂടുതുൽ വിസ്തൃതിയുള്ള കൃഷിഭൂമിയുള്ള കൃഷിക്കാരിൽനിന്നും പിരിച്ചെടുക്കുന്ന തുകയുമാണ് ബോർഡിന്റെ വരുമാനം. കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ വിരമിച്ച ലക്ഷക്കണക്കായ കർഷക തൊഴിലാളികൾക്കുള്ള പെൻഷൻ ആനുകൂല്യവും

മരിച്ചുപോയ ക്ഷേമനിധി അംഗങ്ങൾക്ക് നൽകാനുള്ള തുക, വിവാഹ സഹായം, ചികിത്സാ സഹായം, പ്രസവാനുകൂല്യം, വിദ്യാഭ്യാസ സഹായം, മരണാനന്തര സഹായം എന്നിവയുടെ കുടിശ്ശികയും കൊടുത്തുതീർക്കുന്നതിന് നടപടി സ്വീകരിക്കണം. ക്ഷേമനിധി ആനുകൂല്യങ്ങൾ കാലാനുസൃതമായി വർദ്ധിപ്പിക്കണം. പെൻഷന്റെ വരുമാന പരിധി എടുത്തുകളയുകയും പെൻഷൻ തുക ആയിരം രൂപയായി വർദ്ധിപ്പിക്കുകയും പെൻഷൻ ആനുകൂല്യങ്ങൾ തുടർന്നും പോസ്റ്റ് ഓഫീസ് വഴിതന്നെ ലഭ്യമാക്കുകയും ചെയ്യണം. കർഷക തൊഴിലാളികളെ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കണം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): 2012 ഡിസംബർ 31 വരെയുള്ള എല്ലാ പെൻഷൻ കുടിശ്ശികകളും ഡിസംബർ മാസത്തിൽത്തന്നെ നൽകിയിട്ടുണ്ട്. 121.47 കോടി രൂപ മറ്റ് ആനുകൂല്യങ്ങൾ നൽകുന്നതിന് ആവശ്യമാണ്. പെൻഷൻ കൊടുക്കാൻ വേണ്ടി മാത്രം 273 കോടി രൂപയാണ് ഗവൺമെന്റ് ചെലവഴിച്ചത്. കർഷകത്തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരുമ്പോഴും കർഷക ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യമാണുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം ഏകദേശം 1,70,000 കർഷക തൊഴിലാളികളാണ് പുതുതായി അംഗങ്ങളായി ചേർന്നത്. 2003-ൽ തൊഴിലാളി വിഹിതം വർദ്ധിപ്പിച്ചു. 2009-ൽ തൊഴിലുടമ വിഹിതം വർദ്ധിപ്പിച്ചതിനെത്തുടർന്ന് ബോർഡിന്റെ വരുമാനം കുറഞ്ഞു. ക്ഷേമനിധി ബോർഡ് സ്വയം പര്യാപ്തമാക്കുന്നതിനായി തൊഴിലാളി വിഹിതവും ഭൂഉടമകളുടെ വിഹിതവും വർദ്ധിപ്പിക്കുകയും കാര്യക്ഷമമായി അത് പിരിച്ചെടുക്കുവാനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്. ആനുകൂല്യ

വിതരണത്തിലുള്ള കാലതാമസം പരിഹരിക്കുന്നതിന് ഗവൺമെന്റ് പരിശ്രമിക്കുന്നതോടൊപ്പംതന്നെ ട്രേഡ് യൂണിയനുകളും മറ്റുമായി കൺസൻസസ് ഉണ്ടാക്കി ക്ഷേമനിധി ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുകയും വ്യാജ അംഗത്വം പൂർണ്ണമായി ഒഴിവാക്കുകയും ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഇടനിലക്കാരെ ഒഴിവാക്കി പെൻഷനും മറ്റ് ആനുകൂല്യങ്ങളും കർഷകരുടെ അക്കൗണ്ടിലേയ്ക്ക് എത്തുന്ന ഒരു സംവിധാനം ഉണ്ടാക്കുന്നതിനാവശ്യമായ നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. ശ്രീനിവാസൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്ഷേമനിധി ബോർഡുകളുടെ പരിഷ്ക്കരണവും നവീകരണവും സംബന്ധിച്ച നടപടികളുമായി ഗവൺമെന്റ് മുന്നോട്ടു പോകുകയാണ്.

**സബ്മിഷൻ**

**(1) നെല്ലിയാമ്പതി എസ്റ്റേറ്റുകൾ കെ.എഫ്.ഡി.സി-ക്ക് കൈമാറൽ**

ശ്രീ. എ.എ. അസീസ്: സർക്കാർ ഏറ്റെടുത്തിട്ടുള്ള നെല്ലിയാമ്പതി എസ്റ്റേറ്റുകൾ പൂർണ്ണ സ്വാതന്ത്ര്യത്തോടെ കെ.എഫ്.ഡി.സി-ക്ക് കൈമാറി തൊഴിലാളികളുടെ തൊഴിലും ആനുകൂല്യങ്ങളും സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): നെല്ലിയാമ്പതിയിൽ ഭൂപരിധി നിജപ്പെടുത്തുന്നതു സംബന്ധിച്ച് ജനപ്രതിനിധികളുമായി ചർച്ചകൾ നടത്തിയിരുന്നു. പാരിസ്ഥിതിക സംവേദന മേഖലകൾ നിർണ്ണയിക്കുന്നതിൽ തീരുമാനമെടുക്കേണ്ടത് കേന്ദ്രസർക്കാരാണ്. തോട്ടങ്ങളുടെ പരിപാലനത്തിനോ തൊഴിലാളികളുടെ പ്രവർത്തനങ്ങൾക്കോ യാതൊരു തടസ്സവുമുണ്ടാകുകയില്ല. തൂത്ത

മ്പാറ എസ്റ്റേറ്റിൽ നടത്തിയിരുന്ന ഓർഗാനിക് കൃഷി തുടരാൻ തീരുമാനിച്ചിട്ടുണ്ട്. ഈ എസ്റ്റേറ്റ് വനം വികസന കോർപ്പറേഷന് നൽകുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്. നെല്ലിയാമ്പതിയിലെ ചെറുപ്പക്കാർക്ക് വി.എസ്.എസ്.-കൾ വഴി ജോലി നൽകുന്നതിനുള്ള പദ്ധതി വനം വകുപ്പ് ആസൂത്രണം ചെയ്തിട്ടുണ്ട്. തൊഴിലാളികളുടെ തൊഴിലും ആനുകൂല്യങ്ങളും സംരക്ഷിക്കപ്പെടുന്നതാണ്. സർക്കാർ ഏറ്റെടുത്ത തോട്ടങ്ങൾ കെ.എഫ്.ഡി.സി.-ക്ക് കൈമാറുന്നതിന് കേന്ദ്ര വനം-പരിസ്ഥിതി വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികളെടുത്തുവരികയാണ്.

**(2) ദേശീയ വോളിബോൾ താരങ്ങൾക്ക് അർഹമായ പരിഗണന**

ശ്രീ. ഇ.കെ. വിജയൻ: അർഹമായ പരിഗണനയും പാരിതോഷികവും ജോലിയും നൽകി ദേശീയ വോളിബോൾ താരങ്ങളെ പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിക്കണം.

വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): ഈ വർഷം വിജയികളായ ദേശീയ വോളിബോൾ താരങ്ങൾക്ക് പാരിതോഷികം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരികയാണ്. 106 പേർക്ക് ഈ സർക്കാർ സ്പോർട്സ് ക്വാട്ടയിൽ ജോലി നൽകിയിട്ടുണ്ട്. നിയമനങ്ങളിൽ ക്രമക്കേടുണ്ടാകാതിരിക്കുന്നതിനും അനർഹരായവർ ലിസ്റ്റിൽ കടന്നുകൂടുന്നത് ഒഴിവാക്കാനുമായി കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനും മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതിനുമുള്ള നടപടികളെടുത്തുവരികയാണ്. സ്പോർട്സ് താരങ്ങൾക്ക് മെച്ചപ്പെട്ട യാത്രാ സൗകര്യമൊരുക്കുന്നതും ദിനബത്ത വർദ്ധിപ്പിക്കുന്നതുമാണ്.

**(3)കെ.എസ്.ആർ.ടി.സി. ഭൂമിയിൽ എൻജിനീയറിംഗ് കോളേജ് സ്ഥാപിക്കൽ**

ശ്രീ. എ.റ്റി. ജോർജ്: പാറശ്ശാല നിയോജകമണ്ഡലത്തിൽ എൻ.എച്ച്-47നോട് ചേർന്നുകിടക്കുന്ന കെ.എസ്.ആർ.ടി.സി.യുടെ 8 ഏക്കർ 80 സെന്റ് ഭൂമിയിൽ എൻജിനീയറിംഗ് കോളേജ് സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): നെയ്യാറ്റിൻകരയിലെ കെ.എസ്.ആർ.ടി.സി. യുടെ സ്ഥലം റീജിയണൽ വർക്ക് ഷോപ്പ് തുടങ്ങാൻ വേണ്ടി വാങ്ങിയതായതിനാൽ അതിനുതന്നെ ഉപയോഗിക്കണമെന്നും കോളേജ് തുടങ്ങണമെന്നുമുള്ള രണ്ടഭിപ്രായം നിലവിലുള്ളതിനാലും പുതിയ കോളേജ് തുടങ്ങുന്നതിനുള്ള സാമ്പത്തിക ബാദ്ധ്യത പരിശോധിക്കേണ്ടതുള്ളതിനാലും തൽക്കാലം കോളേജ് തുടങ്ങാൻ നിർവ്വാഹമില്ല.

## (4) പ്രാദേശിക പത്ര പ്രവർത്തകർക്ക് ക്ഷേമനിധി

ശ്രീ. എ. എം. ആരിഫ്: പ്രാദേശിക പത്രപ്രവർത്തകർക്കായി പ്രഖ്യാപിച്ചിരുന്ന ക്ഷേമനിധിയിൽ ഏജന്റുമാരേയും ചാനൽ പ്രവർത്തകരേയും കൂടി ഉൾപ്പെടുത്തി പ്രാദേശിക മാധ്യമ ക്ഷേമനിധി എന്ന പേരിൽ ഒരു ക്ഷേമനിധി രൂപീകരിക്കാൻ നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): പ്രാദേശിക പത്രപ്രവർത്തകരുടെ ക്ഷേമനിധി ഗവൺമെന്റ് തത്വത്തിൽ അംഗീകരിച്ചതാണ്. ഇതിനുവേണ്ടി ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിക്കഴിഞ്ഞു. പത്രം ഉടമകളുടെകൂടി പങ്കാളിത്തം ഉണ്ടാകണമെന്നതിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രി മുൻകൈ

യെടുത്ത് യോഗം വിളിച്ചുകൂട്ടി നിർദ്ദേശം വച്ചെങ്കിലും മറുപടി ലഭിച്ചിട്ടില്ല. ഏത് ലെവൽ വരെയുള്ള പ്രാദേശിക പത്രപ്രവർത്തകരെ ക്ഷേമനിധിയുടെ പരിധിയിൽ ഉൾപ്പെടുത്തണമെന്നുള്ളതു സംബന്ധിച്ച് ഐ&പി.ആർ.ഡി. വകുപ്പുമായും ലേബർ ഡിപ്പാർട്ടുമെന്റുമായും ചർച്ചകൾ നടത്തി നടപടി സ്വീകരിക്കുന്നതാണ്.

## (5) <u>ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി</u>

<u>ശ്രീ. ജി.എസ്. ജയലാൽ:</u> കല്ലട ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട് സ്ഥാപിച്ചിട്ടുള്ള ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പ്രവർത്തനം അടിയന്തരമായി ഏറ്റെടുത്ത് പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. പി. ജെ. ജോസഫ്):</u> കല്ലട ജലസേചന പദ്ധതിയുടെ ഭാഗമായ പരവൂർ ഡിസ്ട്രിബ്യൂട്ടറിയുടെ ഇരുപത്തിമൂന്നാം കിലോമീറ്ററിലാണ് ലിഫ്റ്റ് ഇറിഗേഷൻ സ്കീം സ്ഥാപിച്ചിട്ടുള്ളത്. ഇതിനുശേഷമുള്ള പുതുക്കുളം - കോട്ടപ്പുറം കനാലുകളുടെ പണി ഭാഗീകമായി മാത്രമേ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളു. ഇവ പൂർത്തീകരിക്കുന്നതിന് 4.5 കോടി രൂപയുടെ ഒരു പദ്ധതി പതിമൂന്നാം ധനകാര്യ കമ്മീഷന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണ്.

## (6) <u>കുടിവെള്ളക്ഷാമം</u>

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: താനൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് 'ചമ്രവട്ടം ജലസേചന പദ്ധതി' നടപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): താനൂർ നിയോജക മണ്ഡലത്തിലെ സമഗ്ര കുടിവെള്ള പദ്ധതിയായ 'ചമ്രവട്ടം കുടിവെള്ള പദ്ധതി' യുടെ പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതിക്ക് എൺപത് കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. പഞ്ചായത്തുകളുടെ സഹായത്തോടെ നടത്തുന്ന സർവ്വേ നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞാൽ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിക്കുന്നതാണ്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരിക്കുന്നതാണ്.

## (7) സമഗ്ര ശുദ്ധജല പദ്ധതി

ശ്രീ. വി. ശശി: കഴക്കൂട്ടം സമഗ്ര ശുദ്ധജല പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): 1999-ൽ ആരംഭിച്ച കഴക്കൂട്ടം സമഗ്ര ശുദ്ധജല പദ്ധതിയുടെ പ്രധാനപ്പെട്ട പണികൾ പൂർത്തിയായിട്ടുണ്ട്. പള്ളിപ്പുറം മുതൽ വെട്ടുറോഡ് വരെയുള്ള ചില ഭാഗങ്ങളിലെ ട്രാൻസ്മിഷൻ മെയിൻ ദേശീയപാതയ്ക്ക് കുറുകെ കടന്നുപോകുന്നതിനാൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് പണി പൂർത്തീകരിക്കുന്നതാണ്.

## (8) ഭാരതപ്പുഴയ്ക്ക് കുറുകെ പാലം നിർമ്മിക്കൽ

ശ്രീ. സി. മമ്മൂട്ടി: പാലക്കാട് ജില്ലയിലെ തിരൂർ നിയോജകമണ്ഡലത്തിലെ തിരുന്നാവായയിൽ ഭാരതപ്പുഴയ്ക്ക് കുറുകെ പാലം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): പാലക്കാട് ജില്ലയിലെ തിരുന്നാവായ-തവനൂർ മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന പാലത്തിന് കേരള സർക്കാരിന്റെ മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി 29.8 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പാലം നിർമ്മാണം ആർ.ബി.ഡി.സി. യെയാണ് ഏൽപ്പിച്ചിട്ടുള്ളത്. ഇതിനായി ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 2012 ഷെഡ്യൂൾ പ്രകാരം 1.85 കോടി രൂപ ഭൂമി ഏറ്റെടുക്കുന്നതിനും 48 കോടി രൂപ പാലം പണിയുന്നതിനും കണക്കാക്കിയിട്ടുണ്ട്. ഭൂമി ലഭ്യമായാലുടൻ പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതാണ്.

## (9) പുതിയ പി.ഡബ്ല്യു.ഡി. സെക്ഷൻ ഓഫീസ്

ശ്രീ. സണ്ണി ജോസഫ് : ജോലി ഭാരം കണക്കിലെടുത്ത് ഇരിട്ടി പി.ഡബ്ല്യു.ഡി. സെക്ഷൻ ഓഫീസ് വിഭജിച്ച് പേരാവൂർ ആസ്ഥാനമായി പുതിയ സെക്ഷൻ ഓഫീസ് അനുവദിക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്) : ഇരിട്ടി, ഇരിക്കൂർ, കൂത്തുപറമ്പ്, വടകര എന്നീ റോഡ് സെക്ഷനുകളുടെ പരിധിയിൽ വരുന്ന പേരാവൂർ നിയോജകമണ്ഡലത്തിലെ റോഡുകൾ സംബന്ധിച്ച് നാറ്റ്പാക് പഠനം നടത്തിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിലെ

റോഡ് സെക്ഷൻ ഓഫീസുകൾ പുന:ക്രമീകരിക്കുമ്പോൾ പേരാവൂർ ആസ്ഥാനമായി ഒരു പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## (10) ഫിഷിംഗ് ഹാർബറിന് കേന്ദ്രാനുമതിയും ഭരണാനുമതിയും ലഭ്യമാക്കൽ

ശ്രീ. പി.ബി. അബ്ദുൾ റസാക് : കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ അനുമതി വാങ്ങി മഞ്ചേശ്വരം ഫിഷിംഗ് ഹാർബറിന്റെ പ്രവർത്തനം യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : മഞ്ചേശ്വരത്ത് ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനുള്ള സാധ്യതാ പഠനത്തിനായി നിയമിച്ച പൂണെയിലെ സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പഠനങ്ങൾ 2010-ൽ പൂർത്തിയാക്കി. 2011-ൽ ഭൗമ ശാസ്ത്ര പഠനകേന്ദ്രത്തിന്റെ സി.ആർ.ഇസ്സെഡ്. സ്റ്റാറ്റസ് റിപ്പോർട്ടും ലഭ്യമാക്കി. പദ്ധതിയുടെ കോസ്റ്റൽ സോൺ ക്ലിയറൻസ് അനുമതി 2012-ൽ ലഭിച്ചു. 2012-ലെ നിരക്ക് പ്രകാരം 60.2 കോടി രൂപയുടെ മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖ നിർമ്മാണ പ്രോജക്ട് കേന്ദ്ര സർക്കാരിന്റെ ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. 275 ബോട്ടുകളിടാൻ സൗകര്യമുള്ള ഈ പദ്ധതിക്ക് പ്രോജക്ട് സാങ്ഷൻ കമ്മിറ്റിയുടെ അനുമതി ഇന്നുതന്നെ ലഭിക്കുമെന്നാണ് കരുതുന്നത്. ഈ സാമ്പത്തിക വർഷം തന്നെ ടെണ്ടർ ക്ഷണിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കത്തക്ക വിധത്തിൽ സംസ്ഥാന ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ ഉൾക്കൊള്ളിച്ചിട്ടുണ്ട്. നാല് വർഷംകൊണ്ട് ഹാർബറിന്റെ പണി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## (11) കൃഷി ഭൂമിയുടെ നിയമ വിരുദ്ധമായ ഉപയോഗം

ശ്രീ. ജി. സുധാകരൻ : ആലപ്പുഴ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ റിയൽ എസ്റ്റേറ്റ് മാഫിയകൾ കൃഷി ഭൂമി കുറഞ്ഞ വിലയ്ക്ക് വാങ്ങി റിസോർട്ടുകളും ഹോട്ടലുകളും നിർമ്മിക്കുന്നതിനെതിരെ നടപടി സ്വീകരിക്കാനും ആലപ്പുഴ ജില്ലയിലെ വ്യാപക കയ്യേറ്റത്തെക്കുറിച്ച് അന്വേഷിക്കാൻ ഉന്നതതല കമ്മീഷനെ നിയമിക്കാനും നടപടി സ്വീകരിക്കണം.

റവന്യുവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : കേരള നെൽവയൽ തണ്ണീർത്തട നിയമപ്രകാരം ആലപ്പുഴയിൽ ജില്ലാതല സമിതികൾ രൂപീകരിച്ച് അനധികൃത നിലം നികത്തലിനെതിരെ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കയ്യേറ്റങ്ങളുടെ കൃത്യത ഉറപ്പു വരുത്തുന്നതിന് താലൂക്ക് സർവ്വേയറെക്കൊണ്ട് സ്ഥലം അളപ്പിക്കുന്നതിനും കയ്യേറ്റം ബോധ്യപ്പെടുന്ന പക്ഷം കേരള ഭൂ സംരക്ഷണ നിയമ പ്രകാരം നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. റിസോർട്ടിന്റെ പ്രവർത്തനത്തെക്കുറിച്ച് അന്വേഷിക്കുന്നതിന് ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിസോർട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട നിയമവിരുദ്ധ പ്രവർത്തനങ്ങൾ പരിശോധിക്കാൻ പ്രിൻസിപ്പൽ കൃഷി ഓഫീസർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇറിഗേഷൻ), ആലപ്പുഴ ഡി.റ്റി.പി.സി. സെക്രട്ടറി എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പറവൂർ വില്ലേജിലെ വിവിധ സർവ്വേ നമ്പരിൽപ്പെട്ട 3.5085 ഹെക്ടർ വസ്തു സംബന്ധിച്ച് വിജിലൻസ് അന്വേഷണത്തിന് ഉത്തരവായിട്ടുള്ളതും റിപ്പോർട്ട് ലഭിക്കുന്നതുവരെ ഭൂമിയുടെ തൽസ്ഥിതിക്ക് മാറ്റം വരുത്തരുതെന്ന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ദേശീയ ജല പാതയ്ക്കുവേണ്ടി ഡ്രെഡ്ജ് ചെയ്യുന്ന മണ്ണ് നിക്ഷേപിക്കുന്നതിനുള്ള സ്ഥലം പഞ്ചായത്ത് അധികൃതർ

കണ്ടെത്തണമെന്നും നിയമാനുസരണം ഡിസ്പോസ് ചെയ്യണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

## (12) ഒരേക്കർ ഭൂമി കൈവശം വയ്ക്കുന്നതിന് അനുമതി

ശ്രീ. റ്റി.യു. കുരുവിള : കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ ഹിൽ ട്രാക്ക് ഏരിയയായി പ്രഖ്യാപിക്കുന്നതിനും കൈവശ രേഖയുള്ളവർക്ക് ഒരേക്കർ സ്ഥലം വരെ കൈവശം വയ്ക്കുന്നതിനും അനുമതി നൽകണം.

റവന്യുവും കയറും വകുപ്പുമന്ത്രി (ശ്രീ.അടൂർ പ്രകാശ്) : കോതമംഗലം മണ്ഡലവുമായി കൂട്ടിച്ചേർത്തിരിക്കുന്ന ദേവികുളം താലൂക്കിലുൾപ്പെട്ട കുട്ടമ്പുഴ വില്ലേജ് പട്ടയ നടപടികളുടെ ഭാഗമായുള്ള സർക്കാർ ഉത്തരവ് പ്രകാരം ഹിൽട്രാക്ക് ഏരിയയിൽ ഉൾപ്പെടുന്നില്ലെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.

## ക്രമപ്രശ്നം

## വനിതാ അംഗങ്ങൾക്കെതിരെയുണ്ടായ പോലീസ് നടപടി

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : 6-2-2013-ൽ വനിതാ എം.എൽ.എ. മാർക്കെതരെ പോലീസ് കൈക്കൊണ്ട സമീപനം സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : ഇടതുപക്ഷ മഹിളാ മുന്നണിയുടെ നേതൃത്വത്തിൽ നടത്തിയ മാർച്ചിനിടെ ഉണ്ടായ അക്രമത്തിൽ രണ്ട് വനിതാ എം.എൽ. എ. മാർക്ക് പരിക്ക് പറ്റിയതിനെത്തുടർന്ന് ജുഡീഷ്യൽ അന്വേഷണത്തിന് സർക്കാർ ഉത്തരവിട്ടുവെങ്കിലും ഐ.പി.എസ്. ഉദ്യോഗസ്ഥനായ ശ്രീ. ഹേമചന്ദ്രന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കണമെന്നാണ് പ്രതിപക്ഷം

ആവശ്യപ്പെടുന്നത്. പ്രസ്തുത റിപ്പോർട്ട് സഭ അംഗീകരിച്ചാൽ നടപടിയെടുക്കുന്നതിന് തയ്യാറാണ്.

<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ:</u> ശ്രീ. ഹേമചന്ദ്രന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്ത് കാര്യങ്ങളാണ് ചെയ്യാൻ പോകുന്നതെന്ന് വ്യക്തമാക്കണം. രണ്ട് വനിതാ എം.എൽ.എ.മാർ തങ്ങൾക്കുണ്ടായ അനുഭവങ്ങൾ സഭയിൽ വിവരിച്ചിട്ടും സ്പീക്കറുടെ ഭാഗത്തുനിന്നും ഒരു നടപടിയുമുണ്ടാകാത്തത് ദൗർഭാഗ്യകരമാണ്. കുറ്റക്കാരായ പോലീസുകാരെ സസ്പെന്റ് ചെയ്ത് നടപടി സ്വീകരിക്കാൻ തയ്യാറുണ്ടോ എന്ന് ആഭ്യന്തര വകുപ്പുമന്ത്രി വ്യക്തമാക്കണം.

<u>മി. സ്പീക്കർ</u>: ഇത്തരം സംഭവങ്ങളിൽ നടപടിയെടുക്കേണ്ടത് സർക്കാരാണ്. നിയമസഭാംഗങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ചെയറിന് ഉത്തരവാദിത്വമുള്ളതുകൊണ്ടാണ് ചർച്ച ചെയ്യാൻ സമയം അനുവദിച്ചത്. ജുഡീഷ്യൽ അന്വേഷണത്തിന് സർക്കാർ ഓർഡറിട്ടെങ്കിലും പ്രതിപക്ഷം അംഗീകരിക്കാത്തത് സ്പീക്കറുടെ കൺസേണായിട്ടെടുക്കാൻ സാദ്ധ്യമല്ല. ജുഡീഷ്യൽ അന്വേഷണത്തിന്റെ റിസൾട്ട് വരുന്നതുവരെ അംഗങ്ങൾ കാത്തിരിക്കണം. എം.എൽ.എ.മാരുടെ അവകാശങ്ങൾ സംരക്ഷിക്കാനുള്ള ബാദ്ധ്യത ചെയറിനുണ്ട്.

<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ:</u> രണ്ട് വനിതാ എം.എൽ.എ.മാരുടെ കാര്യത്തിൽ ആഭ്യന്തരവകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും യാതൊരു നിലപാടും സ്വീകരിക്കാത്തതിനാൽ സഭയുടെ നടുത്തളത്തിൽ ഈ വനിതാ എം.എൽ.എ.മാർ ഇരുന്ന് പ്രതിഷേധിക്കാൻ നിർബന്ധിതരാകും.

(കുറ്റക്കാരായ പോലീസുകാരെ സസ്പെന്റ് ചെയ്യാത്ത സർക്കാർ നിലപാടിനെതിരെ ശ്രീമതിമാർ ഇ. എസ്. ബിജിമോൾ, ഗീതാ ഗോപി എന്നിവർ സഭയുടെ നടുത്തളത്തിലിരുന്ന് പ്രതിഷേധിച്ചു..)

റൂളിംഗ്

**സഭയുടെ നടുത്തളം സമരവേദിയാക്കുന്നത് സംബന്ധിച്ച്**

മി. സ്പീക്കർ: സഭയുടെ നടുത്തളം സമരവേദിയാകരുതെന്ന് മുൻകാല സ്പീക്കർമാർ റൂളിംഗ് നൽകിയിട്ടുണ്ട്. സഭയ്ക്കുള്ളിൽ ഒരു അനിശ്ചിതകാലസമരം കീഴ്വഴക്കമായി അംഗീകരിച്ചാൽ സഭാനടപടികൾ ഒരിക്കലും സുഗമമായി നടത്താൻ കഴിയില്ല. അതിനാൽ ബഹുമാനപ്പെട്ട അംഗങ്ങൾ ഈ ദൗർഭാഗ്യകരമായ സ്ഥിതിവിശേഷത്തിൽനിന്നും പിന്തിരിയണം.

**സബ്മിഷൻ (തുടർച്ച)**

**(13) സ്കൂൾ വിദ്യാർത്ഥിനിയെ പീഡിപ്പിച്ച സംഭവം**

ശ്രീ. ആർ. രാജേഷ്: മാവേലിക്കര മണ്ഡലത്തിലെ പടനിലം ഹയർസെക്കണ്ടറി സ്കൂളിലെ പത്താം ക്ലാസ് വിദ്യാർത്ഥിനിയായ ആൻസിയെ പീഡിപ്പിച്ച നൂറനാട് സ്വദേശിയെ അറസ്റ്റ് ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : ആലപ്പുഴ നൂറനാട് സ്വദേശിനിയായ പെൺകുട്ടിയെ 3-2-2013-ന് വീടിനുസമീപത്തുനിന്നും സമീപവാസി ഷാജിയും കണ്ടാലറിയാവുന്ന ഒരു സ്ത്രീയും മറ്റൊരു പുരുഷനും ചേർന്ന് തട്ടിക്കൊണ്ടുപോകുകയും കായൽ തീരത്ത് വച്ച് പീഡിപ്പിക്കുകയുമുണ്ടായി. ഈ പെൺകുട്ടി പൂജപ്പുര

ചിൽഡ്രൻസ് വെൽഫയർ ഹോമിലുണ്ടെന്ന് 5-2-2013-ന് പൂജപ്പുര പോലീസ് സ്റ്റേഷനിൽ വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് സ്ഥലത്തെത്തി ചൈൽഡ് വെൽഫെയർ ഹോം കമ്മിറ്റി മെമ്പർമാരുടെ സാന്നിദ്ധ്യത്തിൽ പെൺകുട്ടിയുടെ മൊഴി രേഖപ്പെടുത്തുകയും ഒരു കേസ് രജിസ്റ്റർ ചെയ്യുകയും തൈക്കാട് വിമൻ ആന്റ് ചിൽഡ്രൻ ആശുപത്രി യിൽക്കൊണ്ടുപോയി വൈദ്യപരിശോധന നടത്തിയശേഷം വഞ്ചിയൂർ അത്താണിയിൽ പാർപ്പിച്ചിരിക്കുകയുമാണ്. കേസിനാസ്പദമായ സംഭവം നടന്നത് നൂറനാട് പോലീസ് സ്റ്റേഷൻ പരിധിയിലായതിനാൽ തുടർന്നുള്ള അന്വേഷണത്തിനായി കേസ് ഡയറി 6-2-2013-ന് ആലപ്പുഴ ജില്ലാ പോലീസ് മേധാവിക്ക് കൈമാറുകയുണ്ടായി. കേസ്സിലെ പ്രധാന പ്രതിയായ ഷാജി ഒളിവിലാണ്. ശാസ്ത്രീയമായ അന്വേഷണ രീതികൾ അവലംബിച്ച് അന്വേ ഷണം ഊർജ്ജിതപ്പെടുത്തി എത്രയുംവേഗം പ്രതികളെ കണ്ടുപിടിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**(14) വിദ്യാർത്ഥിക്കുനേരെയുണ്ടായ അക്രമം**

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി: കണ്ണൂർ എസ്.എൻ കോളേജ് വിദ്യാർത്ഥി കെ.പി. രജനീഷിനെ ക്രൂരമായി ആക്രമിച്ചവരെ അറസ്റ്റ് ചെയ്യാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : 01-02-2013-ന് ഉച്ചയ്ക്ക് 2.30 മണിയോടെ കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷൻ പരിധിയിലുള്ള താഴെചൊവ്വ എരുമക്കുടിയിൽവച്ച് ബൈക്കിൽ വരികയായിരുന്ന കണ്ണൂർ എസ്.എൻ. കോളേജ് മൂന്നാം വർഷ ബിരുദ വിദ്യാർത്ഥി എരുവേലി സ്വദേശി കെ.പി. രജനീഷിനെ എട്ട്

എസ്.എഫ്.ഐ. പ്രവർത്തകർ ചേർന്ന് ആക്രമിച്ച് കൊലപ്പെടുത്താൻ ശ്രമിക്കുകയും സംഭവസ്ഥലത്തെത്തിയ നാട്ടുകാർ പരിക്കേറ്റ രജനീഷിനെ കണ്ണൂർ എ.കെ.ജി. സഹകരണ ആശുപത്രിയിൽ എത്തിക്കുകയും പോലീസ് മൊഴി രേഖപ്പെടുത്തുകയും കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു. പ്രതികളായ രജീഷ്, ചേത്തൻ, ഷിബിൻ, അരാഫത്ത് എന്നിവരെ അറസ്റ്റ് ചെയ്ത് 11-02-2013-ന് കോടതിയിൽ ഹാജരാക്കുകയും 25-02-2013 വരെ റിമാൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. മറ്റു പ്രതികളെക്കുറിച്ചുള്ള അന്വേഷണം ഊർജ്ജിതമാക്കിയിട്ടുണ്ട്.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

1. 2013-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.
2. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഇരുപത്തിയാറ് മുതൽ ഇരുപത്തിയെട്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.
3. സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**ക്രമപ്രശ്നം**

**തിരുവിതാംകൂർ ദേവസ്വം ബോർഡിൽ പട്ടികജാതി/പട്ടികവർഗ്ഗ എം.എൽ.എ.- മാരുടെ പ്രാതിനിധ്യം**

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : ട്രാവൻകൂർ-കൊച്ചിൻ ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് അമെന്റ്മെന്റ് 2012 ഓർഡിനൻസിലെ 10(2) പ്രകാരം ഹിന്ദു മന്ത്രിമാരിൽനിന്ന് തെരഞ്ഞെടുത്ത രണ്ടുപേർ തിരുവിതാകൂർ ദേവസ്വം ബോർഡിന്റെ ചുമതല ഏറ്റെടുത്തുകഴിഞ്ഞു. എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട ഒരു നിയമസഭാംഗത്തിന്റെ തെരഞ്ഞെടുപ്പ് ഇതുവരെ നടത്തിയിട്ടില്ല. തിരുവിതാംകൂർ-കൊച്ചി രാജാക്കന്മാർ തിരുവിതാംകൂർ-കൊച്ചി സംസ്ഥാന രൂപീകരണ സമയത്ത് ദേവസ്വം സ്വത്തുക്കൾ കൈമാറി ക്കൊണ്ടുണ്ടാക്കിയ കവനന്റ് പ്രകാരം നിയമസഭാ സാമാജികരിൽനിന്ന് തെരഞ്ഞെടുക്കുന്ന ഒരാളെ തിരുവിതാകൂർ ദേവസ്വം ബോർഡിൽ ഉൾപ്പെടുത്തണമെന്ന് ഭരണഘടനയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മന്ത്രിസഭ തീരുമാനമെടുത്ത് ഗവർണ്ണറെ അറിയിക്കുമ്പോൾ ഗവർണ്ണറുടെ ഓഫീസിൽ നിന്നാണ് ഇത് സംബന്ധിച്ച റിട്ടേണിംഗ് ഓഫീസറെ നിയമിച്ച് ഉത്തരവുണ്ടാ കേണ്ടത്. മന്ത്രിസഭ തീരുമാനിച്ച് ഗവർണ്ണറെ അറിയിക്കാത്തതുകൊണ്ട് നിയമ സഭാംഗങ്ങളുടെ പ്രാതിനിധ്യം നഷ്ടപ്പെട്ടിരിക്കുകയാണ്. രണ്ട് അംഗങ്ങളെ വച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്രവർത്തനം നടത്തുകയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഒരംഗത്തിന്റെ പ്രാതിനിധ്യം നിഷേധിക്കുകയും ചെയ്യുന്നത് വളരെ ഗൗരവമുള്ള പ്രശ്നമാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. വി.എസ്. ശിവകുമാർ</u>) : തിരുവിതാംകൂർ ദേവസ്വം ബോർഡ് ഓർഡിനൻസ് പ്രകാരം മൂന്ന് അംഗങ്ങൾ വീതമുള്ള തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകളിൽ ഒരംഗത്തെ വീതം നിയമസഭയിലെ ഹിന്ദു

അംഗങ്ങൾ തെരഞ്ഞെടുക്കേണ്ടതാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിലേയ്ക്ക് മന്ത്രിസഭയിലെ ഹിന്ദു അംഗങ്ങളിൽനിന്നും നോമിനേറ്റ് ചെയ്യേണ്ട രണ്ടുപേരെ നിയമിച്ചുകഴിഞ്ഞു. എം.എൽ.എ.-മാരുടെ പ്രതിനിധിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ ഉടൻ ആരംഭിക്കുന്ന താണ്. റിട്ടേണിംഗ് ഓഫീസറെ നിയമിക്കുന്നതിന് മൂന്ന് റിട്ടയേർഡ് ജില്ലാ ജഡ്ജിമാരുടെ പേരുകൾ ഈ ആഴ്ചതന്നെ ഗവർണ്ണർക്ക് സമർപ്പിക്കുന്ന താണ്. ഗവർണ്ണർ ഒരാളെ റിട്ടേണിംഗ് ഓഫീസറായി നിയമിച്ചുകഴിഞ്ഞാൽ ഇലക്ഷൻ നടത്തുന്നതാണ്. അതോടൊപ്പംതന്നെ ഒരു അംഗത്തെ കൊച്ചി ദേവസ്വം ബോർഡിലേയ്ക്കും രണ്ടുപേരെ മലബാർ ദേവസ്വം ബോർഡി ലേയ്ക്കും തെരഞ്ഞെടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

**ബിൽ പിൻവലിക്കുന്നതിനുള്ള പ്രമേയം**

**ക്രമപ്രശ്നം**

**ചട്ടവിരുദ്ധമായി ബിൽ പിൻവലിക്കുന്നത് സംബന്ധിച്ച്**

ശ്രീ. എ.കെ. ബാലൻ : സഭ പാസ്സാക്കിയ ബിൽ പിൻവലിക്കുന്നതിനായി ഗവർണ്ണർ തിരിച്ചയച്ചിരിക്കുന്നത് ഭരണഘടനയുടെ ആർട്ടിക്കിൾ 201 പ്രകാരമാണ്. ഭേദഗതി ബില്ലിൽ വ്യവസ്ഥ ചെയ്ത കാര്യം നേരത്തെ ഇവിടെ പ്രാബല്യത്തിൽ വന്നുകഴിഞ്ഞിരുന്നൂവെന്നുള്ളതാണ് പ്രസിഡന്റിന്റെ ഒബ്സർവേഷൻ. നിയമസഭ പാസ്സാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനയച്ച ഒരു ബിൽ പിൻവലിക്കുന്നതിനുള്ള പ്രമേയം ചട്ടം 99 പ്രകാരമാണ് മന്ത്രി അവതരിപ്പിക്കേണ്ടത്, ചട്ടം 94 പ്രകാരം പ്രമേയം അവതരിപ്പിക്കുന്നത് ചട്ടവിരുദ്ധമാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : ഗവർണ്ണർ മോഡിഫിക്കേഷൻ വേണമെന്ന് പറഞ്ഞ് തിരിച്ചയയ്ക്കുന്നതിനാണ് പുന:പരിശോധന പ്രമേയം ആവശ്യമുള്ളത്. ഇവിടെ ഗവർണ്ണർ അയച്ചിരിക്കുന്ന മെസ്സേജ്, to withdraw the Bill എന്നാണ്.

**റൂളിംഗ്**

മി. സ്പീക്കർ : രാഷ്ട്രപതി നിർദ്ദേശിച്ചതനുസരിച്ച് ഭരണഘടനയുടെ 201-ാം ആർട്ടിക്കിൾ പ്രകാരം ഗവർണ്ണർ ബിൽ തിരിച്ചയച്ചപ്പോൾ നൽകിയ സന്ദേശം ഫെബ്രുവരി മാസം 4-ാം തീയതി ചെയർ സഭയെ അറിയിച്ചിരുന്നു. പ്രസ്തുത സന്ദേശത്തിൽ കാണിച്ചിട്ടുള്ള കാരണങ്ങളാൽ ബിൽ നിയമസഭ പിൻവലിക്കണമെന്നാണ് ഗവർണ്ണർ ആവശ്യപ്പെട്ടിട്ടുള്ളത്. ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

**1999-ലെ കേരള ഗ്രാന്റ്സ് ആന്റ് ലീസസ് (മോഡിഫിക്കേഷൻ ഓഫ് റൈറ്റ്സ്) ഭേദഗതി ബിൽ പിൻവലിക്കാനുള്ള അനുമതിക്കുവേണ്ടിയുള്ള പ്രമേയം**

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ് കുമാർ) : "ഒരു ബിൽ പിൻവലിക്കുന്നതിനുള്ള നടപടിക്രമം ക്രമീകരിക്കുന്ന കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 94-ാം ചട്ട പ്രകാരം 07-12-2012-ലെ സന്ദേശത്തോടു കൂടി പരിഗണനയ്ക്കായി രാഷ്ട്രപതി നിർദ്ദേശിച്ച പ്രകാരം ഗവർണ്ണർ മടക്കി അയച്ച "1999-ലെ കേരള ഗ്രാന്റ്സ് ആന്റ് ലീസസ് (മോഡിഫിക്കേഷൻ ഓഫ് റൈറ്റ്സ്) ഭേദഗതി ബിൽ" 07-12-2012-ലെ ഗവർണ്ണറുടെ സന്ദേശത്തിൽ അറിയിച്ച രാഷ്ട്രപതിയുടെ നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ, പ്രസ്തുത

ചട്ടത്തിന്റെ (എ) ഖണ്ഡ പ്രകാരം ഈ സഭയ്ക്ക് പിൻവലിക്കാവുന്നതാണെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.''

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : പ്രമേയത്തെ പിന്താങ്ങുന്നു.

ബിൽ പിൻവലിക്കുന്നതിനുള്ള പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പിൻവലിച്ചു.

**ധനകാര്യം**

**2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും**

2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ബന്ധപ്പെട്ട വകുപ്പു മന്ത്രിമാർ അവതരിപ്പിക്കുകയും അവ പിന്താങ്ങപ്പെടുകയും ചെയ്തു.

മി. സ്പീക്കർ: നടുത്തളത്തിൽ ഇരിക്കുന്ന രണ്ട് വനിതാ എം.എൽ.എ. മാർക്കും അവരവരുടെ സ്ഥാനങ്ങളിൽ ഇരിക്കാനുള്ള പശ്ചാത്തലം ഒരുക്കുന്നതിന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും കക്ഷിനേതാക്കളും മുൻകയ്യെടുക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : അതുസംബന്ധിച്ച് ആഭ്യന്തര വകുപ്പു മന്ത്രി സഭയിൽ വ്യക്തമാക്കിയതാണ്. സംഭവത്തിന്റെ വിഷ്വൽസ് കണ്ടതിനു ശേഷം ഒന്നിച്ചുതീരുമാനമെടുക്കാമെന്ന അഭിപ്രായത്തോട് യോജിക്കാൻ പ്രതിപക്ഷം തയ്യാറായില്ല. സംഭവത്തെക്കുറിച്ച് എ.ഡി.ജി.പി. നടത്തിയ

അന്വേഷണ റിപ്പോർട്ടിലെ ശുപാർശകൾ അടിസ്ഥാനമാക്കി നടപടിയിലേയ്ക്ക് പോകാൻ സാധ്യമല്ലെന്ന് കാണുകയും രണ്ട് എം.എൽ.എ.മാരും കത്ത് നൽകുകയും ചെയ്ത ഗൗരവമായ സ്ഥിതി കണക്കിലെടുത്താണ് ജുഡീഷ്യൽ അന്വേഷണത്തിന് ഗവൺമെന്റ് ഉത്തരവിട്ടത്. എന്നാൽ ജുഡീഷ്യൽ അന്വേഷണം സ്വീകാര്യമല്ലെന്ന പ്രതിപക്ഷത്തിന്റെ അഭിപ്രായത്തോട് യോജിച്ചുകൊണ്ട് എ.ഡി.ജി.പി.യുടെ റിപ്പോർട്ട് അംഗീകരിക്കുകയാണെങ്കിൽ കുറ്റക്കാരനായ പോലീസ് ഉദ്യോഗസ്ഥൻ ആരാണെന്ന് അന്വേഷിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : വനിതാ എം.എൽ.എ. മാരെ അക്രമിച്ച ഒരു പോലീസ് ഉദ്യോഗസ്ഥനെയെങ്കിലും അടിയന്തിരമായി സസ്പെന്റ് ചെയ്യാൻ തയ്യാറുണ്ടോയെന്ന് വ്യക്തമാക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : വ്യക്തിപരമായോ ഗവൺമെന്റിന് രക്ഷപ്പെടാൻവേണ്ടിയോ തെറ്റ് ചെയ്യാത്ത ഒരു ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്യാൻ ഉദ്ദേശിക്കുന്നില്ല. സംഭവത്തിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ടാണ് ജുഡീഷ്യൽ അന്വേഷണത്തിന് ഉത്തരവിട്ടത്. എ.ഡി.ജി.പി.യുടെ അന്വേഷണ റിപ്പോർട്ടിൽ ആളാരാണെന്ന് വ്യക്തമാക്കിയിട്ടില്ലെങ്കിലും സൂചനയ്ക്ക് വിധേയമായിട്ടുള്ളത് ആരാണെന്നത് സംബന്ധിച്ച് അന്വേഷിക്കാൻ സിറ്റി പോലീസ് കമ്മീഷണറെ ചുമതലപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാണ്. രണ്ട് വനിതാ എം.എൽ.എ. മാർ സഭയുടെ നടുത്തളത്തിലിരിക്കുന്ന പ്രത്യേക സാഹചര്യത്തിൽ പ്രതിപക്ഷനേതാവിന് വിഷമമില്ലെങ്കിലും ഈ നിലയിൽ ചർച്ച നടത്തുന്നതിന് ഗവൺമെന്റിന് പ്രയാസമുണ്ട്. അതിനാൽ ഉപധനാഭ്യർത്ഥനകൾ ചർച്ച കൂടാതെ പാസ്സാക്കണം.

ഉപധനാഭ്യർത്ഥനകൾ ചർച്ച കൂടാതെ പാസ്സാക്കണമെന്ന മുഖ്യമന്ത്രിയുടെ പ്രമേയത്തിന് വോട്ടിംഗ് ആവശ്യപ്പെട്ട പ്രതിപക്ഷം വോട്ടിംഗിൽനിന്ന് വിട്ടുനിൽക്കുകയും ഭരണപക്ഷ അംഗങ്ങളുടെ 67 വോട്ടുകളോടെ പ്രമേയം സഭ അംഗീകരിക്കുകയും ചെയ്തു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഡയസിനടുത്തുവന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും കാർഷികാദായ നികുതിയും വിൽപ്പനനികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭവന നിർമ്മാണം എന്ന XXI-ാം ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയിന്മേ

ലുള്ള ഉപധനാഭ്യർത്ഥനയും വാഹനനികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും നഗര

വികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥ നയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഗ്രാമ വികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപ ധനാഭ്യർത്ഥനയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥന യിന്മേലുള്ള ഉപധനാഭ്യർത്ഥനയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സാമൂഹ്യ സുരക്ഷിതത്വും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വ്യവസായം എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥന യിന്മേലുള്ള ഉപധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കു കയും ചെയ്തു.

ചർച്ച കൂടാതെ പാസ്സാക്കേണ്ട മറ്റ് ധനാഭ്യർത്ഥനകളിന്മേലുള്ള ഉപധനാഭ്യർത്ഥനകളും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ ഉച്ചയ്ക്കുശേഷം 12.39-ന് പിരിഞ്ഞു.